بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 19.05.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## അല്ലാഹുവിന്റെ അനുഗ്രഹങ്ങളും ജമാഅത്തിന്റെ പുരോഗതിയും

اَشْهَدُ اَنْ لَّاۤاِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْکَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاکَ نَعْبُدُ وَاِيَّاکَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത് മസീഹ് മൗഊദ്(അ) ജമാഅത്തിനുമേൽ ഉള്ള അല്ലാഹുവിന്റെ അനുഗ്രഹത്തെക്കുറിച്ചും അതിന്റെ തുടർച്ചയായ വളർച്ചയെക്കുറിച്ചും പരാമർശിച്ചുകൊണ്ട് പറയുന്നു: ഇത്രയധികം നിഷേധങ്ങളും കുഫ്ർ ഫത്‌വകളും (മുഖേന) നമ്മുടെ എതിരാളികൾ രാപ്പകൽ പ്രയത്നങ്ങൾ നടത്തിയിട്ടും ഈ ജമാഅത്ത് വളരുകയാണ് എന്നത് അല്ലാഹുവിന്റെ മഹത്തായ അത്ഭുത ദൃഷ്ടാന്തമാകുന്നു. ഇതിനു പിന്നിലെ യുക്തി എന്താണെന്നു വച്ചാൽ അല്ലാഹു അയയ്ക്കുന്ന, യഥാർഥത്തിൽ ദൈവത്തിൽനിന്ന് ഉള്ളവരായ ആളുകൾ അനുദിനം പുരോഗതി പ്രാപിക്കുകയും വർദ്ധിക്കുകയും ആ പരമ്പര അനുദിനം പ്രകാശമാനമാവുകയും അതിന്റെ എതിരാളികളും നിഷേധികളും വളരെ ദയനീയമായി നാശമടയുകയും ചെയ്യുന്നതാണ്. അല്ലാഹു അഭിവൃദ്ധി നൽകാൻ ആഗ്രഹിക്കുന്നതിനെ ആർക്കും തന്നെ തടയാൻ കഴിയില്ല. കാരണം, ആ പ്രസ്ഥാനം അവരുടെ പ്രയത്നത്താൽ നിലച്ചാൽ, ദൈവത്തെ ആർക്കും മറികടക്കാൻ കഴിയില്ലെങ്കിലും, ആ തടയുന്നവൻ അല്ലാഹുവിനെ അതിജയിച്ചുവെന്ന് സമ്മതിക്കേണ്ടിവരും.

ഹദ്റത് മസീഹ് മൗഊദ്(അ) പറഞ്ഞ ഈ കാര്യങ്ങളുടെ പൂർത്തീകരണം അനുദിനം നാം കണ്ടുകൊണ്ടിരിക്കുന്നു. ശത്രുക്കൾ വ്യക്തിപരമായും സംഘടിതമായും പല ശ്രമങ്ങളും നടത്തി. എന്നാൽ അല്ലാഹു ആ മഹാത്മാവിനോട് വാഗ്ദാനം ചെയ്തിരുന്നത്, ഞാൻ നിന്റെ പ്രബോധനത്തെ ഭൂമിയുടെ അറ്റങ്ങളോളം വ്യാപിപ്പിക്കുമെന്നാണ്. നിന്റെ ശുദ്ധരും ആത്മാർത്ഥരുമായ സ്നേഹിതരുടെ കൂട്ടത്തെ ഞാൻ വർധിപ്പിക്കുന്നതാണെന്നും വാഗ്ദാനം ചെയ്തിരുന്നു. ഈ വാഗ്ദാനമനുസരിച്ച്, ജമാഅത്ത് വിപുലമാകുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു. ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനെ തങ്ങളുടെ വായകൊണ്ട് ഉള്ള ഊത്ത് കൊണ്ട് നശിപ്പിക്കാൻ സാധിക്കുമെന്ന് ഈ നാമധാരികളായ പണ്ഡിതന്മാരും എതിരാളികളും കരുതുന്നു. എന്നാൽ അവർ അല്ലാഹുവിനെതിരെയാണ് പോരാടുന്നതെന്നും അല്ലാഹുവിനെതിരെ നിലകൊള്ളുമ്പോൾ അവർ സ്വയം തന്നെയാണ് നശിപ്പിക്കപ്പെടുകയെന്നും അവർക്കറിയില്ല. അല്ലാഹു തആല തന്റെ ദാസരെ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു.

ലോകത്തിന്റെ വിദൂര രാജ്യങ്ങളിൽ പോലും അല്ലാഹുവിന്റെ പിന്തുണയുടെയും സഹായത്തിന്റെയും ദർശനങ്ങൾ നാം കാണുന്നു. അത്തരം പ്രദേശങ്ങളിൽ ചിലപ്പോൾ മനുഷ്യർക്ക് അപ്രാപ്യമായ ദുഷ്കരമായ റോഡുകളാണുള്ളത്. പക്ഷേ അവിടെയും അല്ലാഹു തന്റെ പിന്തുണയുടെ കാഴ്ചകൾ കാണിക്കുന്നു. എതിരാളികൾ പരമാവധി ശ്രമിക്കുമെങ്കിലും പരാജയപ്പെടുന്നു. ചിലയിടങ്ങളിൽ (അഹ്മദികളുടെ) ജീവനും പണവും നഷ്ടപ്പെടുത്തി ജമാഅത്തിനെ ഭയപ്പെടുത്താൻ അവർ ആഗ്രഹിക്കുന്നു, എന്നാൽ ഈ കാര്യങ്ങൾ ജമാഅത്തംഗങ്ങളുടെ വിശ്വാസത്തെ വർധിപ്പിക്കുകയാണ് ചെയ്യുന്നത്.

ഹദ്റത് മസീഹ് മൗഊദ്(അ) നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനങ്ങളായ അല്ലാഹുവിന്റെ പിന്തുണയുടെ സംഭവങ്ങൾ എങ്ങനെ നിറവേറ്റപ്പെടുന്നു എന്നത് എണ്ണിത്തിട്ടപ്പെടുത്താൻ കഴിയില്ല. ഇപ്പോൾ ഞാൻ ജമാഅത്തിന്റെ പുരോഗതിയുടെ ചില സംഭവങ്ങൾ വിവരിക്കുന്നതാണ്. ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ സത്യതയെ എങ്ങനെയാണ് അല്ലാഹു ജനഹൃദയങ്ങളിൽ എത്തിക്കുന്നതെന്ന് ഈ സംഭവങ്ങൾ കാണിക്കുന്നു.

അറിവില്ലായ്മ കൊണ്ടാണ് ചിലർ എതിർക്കുന്നത്. അവർക്ക് യഥാർഥ്യം അറിയുമ്പോൾ, (എതിർപ്പ് അവസാനിപ്പിച്ച്) അവരതിനെ അംഗീകരിക്കുകയും ചെയ്യുന്നു. കാങ്കൂകിൻഷാസയിലെ അമീർ സാഹിബ് അത്തരത്തിലുള്ള ഒരു സംഭവത്തെക്കുറിച്ച് എഴുതുന്നു: അവിടെ ഒരു ഗ്രാമത്തിൽ നമ്മുടെ ഒരു മുഅല്ലിം സാഹിബിന്റെ തബ്‌ലീഗിന്നിടയിൽ അവിടത്തെ പ്രാദേശിക ഇമാമുമായി ഈസാ നബിയുടെ മരണത്തെക്കുറിച്ചും മറ്റും സംവാദം നടന്നു. അഹ്മദിയല്ലാത്ത ആ ഇമാമിന് മസീഹ് ജീവിച്ചിരിക്കുന്നു എന്ന വിശ്വാസം തിരുനബി(സ)യെ അപകീർത്തിപ്പെടുത്തലും അപമാനിക്കലുമാണെന്ന് മനസ്സിലായ ഉടനെ ആദ്ദേഹം സത്യത്തെ അംഗീകരിക്കുകയുണ്ടായി. ഇമാം മഹ്ദിയുടെ ആഗമനത്തെ സംബധിച്ച കാര്യങ്ങളും അദ്ദേഹത്തിന് ധാരണയായി. അങ്ങനെ അദ്ദേഹം തന്റെ കുടുംബത്തിലെ 6 പേരും 21 അനുയായികൾക്കുമൊപ്പം അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു. (അങ്ങനെ അവിടെ ജമാഅത്ത് സ്ഥാപിതമായി.)

ചില സ്ഥലങ്ങളിൽ, അല്ലാഹു തന്നെ സ്വീകാര്യതയ്ക്കായി നിലം ഒരുക്കുന്നു. ഗിനികനാകരിയിലെ മുബല്ലിഗ് എഴുതുന്നു, ഒരു ഗ്രാമത്തിൽ തബ്‌ലീഗ് ചെയ്തപ്പോൾ ആ ഗ്രാമത്തിലെ ഏറ്റവും മുതിർന്ന വ്യക്തി പറഞ്ഞു: മഹ്ദി എന്ന വാക്ക് ഞാൻ എന്റെ പിതാമഹനിൽ നിന്ന് പലതവണ കേട്ടിട്ടുണ്ടെങ്കിലും അതിന്റെ വിശദാംശങ്ങൾ അറിയില്ലായിരുന്നു. ഇന്ന് താങ്കൾ അത് വിശദമായി മനസ്സിലാക്കിത്തന്നു. അതിനാൽ ഞാൻ അഹ്മദിയ്യത്ത് സ്വീകരിക്കുകയാണ്. തുടർന്ന് അഹ്മദിയ്യത്ത് സ്വീകരിക്കാൻ അദ്ദേഹം ഗ്രാമീണരെ ഉദ്ബോധിപ്പിച്ചതിന്റെ ഫലമായി ഇമാം ഉൾപ്പെടെ നിരവധി ആളുകൾ ബൈഅത്ത് ചെയ്തു.

അതുപോലെ ഗാംബിയയുടെ മുബല്ലിഗ് ഇൻചാർജ് എഴുതുന്നു, തബ്‌ലീഗ് സംഘം അവിടെയുള്ള ഒരു ഗ്രാമത്തിൽ പോയപ്പോൾ, മറ്റ് കാര്യങ്ങൾക്കൊപ്പം, ബൈഅത്തിന്റെ പത്ത് നിബന്ധനകളും വായിച്ചുകേൾപ്പിച്ചു. ഈ നിബന്ധനകൾ കേട്ടപ്പോൾ ഈ ഗ്രാമത്തിലെ ബുദ്ധിമാന്മാർക്ക് ഇത് യഥാർത്ഥ ഇസ്‌ലാമിന്റെ വാക്കുകളാണെന്ന് മനസ്സിലായി. ഇസ്‌ലാമിന്റെ ഈ മനോഹരമായ അധ്യാപനം തങ്ങൾ ആദ്യമായിട്ടാണ് കേൾക്കുന്നതെന്ന് ഗ്രാമവാസികൾ സമ്മതിച്ചു. അങ്ങനെ ഒരു നീണ്ട ചോദ്യോത്തരവേളയ്ക്കുശേഷം ഇരുനൂറോളം പേർ അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുകയുണ്ടായി.

ഒരു ആഫ്രിക്കൻ രാജ്യത്തുള്ള ചില ആളുകൾ നമ്മുടെ മുബല്ലിഗിനെ ബന്ധപ്പെടുകയും ഞങ്ങളുടെ പ്രദേശത്ത് തബ്‌ലീഗ് നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. കാരണം, കുട്ടികൾക്ക് ഖുർആൻ പഠിപ്പിക്കുന്നതിനുള്ള സംവിധാനം നിങ്ങൾ ഉണ്ടാക്കുന്നതായി ഞങ്ങൾക്ക് മനസ്സിലായി. അങ്ങനെ അടുത്ത ദിവസം ഞങ്ങളുടെ പ്രതിനിധി സംഘം അവിടെയെത്തി, ഒരു നീണ്ട പ്രബോധനത്തിന്റെ ഫലമായി കുറേ ആളുകൾ അഹ്മദിയ്യത്ത് സ്വീകരിച്ചു. അതിനുശേഷം ഗ്രാമത്തിലെ എല്ലാ കുട്ടികളെയും ഞങ്ങളുടെ മുമ്പിൽ കൊണ്ടുവന്നു. (പറഞ്ഞു:) ഇത് ജമാഅത്തിന്റെ കുട്ടികളാണ് ഇവർക്ക് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതിനുള്ള സംവിധാനം നിങ്ങൾ ഉണ്ടാക്കുക. അങ്ങനെ മുബല്ലിഗ് സാഹിബ് രണ്ട് കുട്ടികളെ തിരഞ്ഞെടുത്തു. ഇവരെ വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതാണ്; ഇവർ തിരികെ വന്ന് ഇവരുടെ പ്രദേശത്തെ മറ്റ് കുട്ടികളെ വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതാണ്.

ഹുസൂർ അൻവർ പറഞ്ഞു: പാക്കിസ്ഥാനിൽ വിശുദ്ധ ഖുർആൻ പഠിക്കുന്നത് പോകട്ടെ കേൾക്കുന്നതിനുപോലും വിലക്കുണ്ട്. വിശുദ്ധ ഖുർആൻ ശ്രവിച്ചു എന്നതിന്റെ പേരിൽ ഒരു അഹ്മദിക്കെതിരെ കേസെടുത്തു. ഇതാണ് ഈ നാമധാരികളായ മുസ്‌ലിംകളുടെ ഇസ്‌ലാം. മറുവശത്ത്, ആളുകൾ അവരുടെ കുട്ടികളെ വിശുദ്ധ ഖുർആൻ പഠിപ്പിക്കാൻ ജമാഅത്തിനെ ഏൽപ്പിക്കുന്നു, കാരണം ജമാഅത്തിന് മാത്രമേ വിശുദ്ധ ഖുർആനെക്കുറിച്ചുള്ള ശരിയായ അറിവ് ഉള്ളൂ.

ആഫ്രിക്കൻ രാജ്യമായ ഛാഡിന്റെ തലസ്ഥാനത്ത് നമ്മുടെ ആദ്യത്തെ പള്ളി പണിതപ്പോൾ, അസൂയാലുക്കൾ ശക്തമായി എതിർക്കാൻ തുടങ്ങി. അവിടെയുള്ള ഇസ്‌ലാമിക് കൗൺസിലിൽ ജമാഅത്തിനെതിരെ പരാതി ഉയർന്നപ്പോൾ, ആരാധന അഹ്മദികളുടെ അവകാശമാണെന്നും നമുക്ക് എങ്ങനെ അവരുടെ മസ്ജിദ് അടയ്ക്കാനാകും എന്നുമായിരുന്നു (കൗൺസിൽ) മറുപടി നൽകിയത്. ഹുസൂർ അൻവർ പറഞ്ഞു: അവിടെയുള്ള ഇസ്‌ലാമിക് കൗൺസിൽ നീതിബോധമുള്ളയാളാണ്. പാകിസ്ഥാനിൽ ജഡ്ജ് പോലും അഹ്മദിയ്യാ ജമാഅത്തിനോട് പക വെക്കുന്നു; (നമുക്കെതിരിൽ വിധി പുറപ്പെടുവിക്കുന്നു.) അഹ്മദികൾക്ക് അവരുടെ പള്ളികളിൽ ആരാധന നടത്താനും അവരുടെ ആരാധനാലയങ്ങളെ പള്ളികൾ എന്ന് വിളിക്കാനും സ്വാതന്ത്ര്യമില്ല.

എതായിരുന്നാലും, നിങ്ങൾക്ക് ഫിത്നയെ ഭയമുണ്ടെങ്കിൽ അത് പോലീസിൽ അറിയിക്കുക എന്നാണ് ഇസ്ലാമിക കൗൺസിൽ എതിരാളികളോട് പറഞ്ഞത്. പോലീസിൽ റിപ്പോർട്ട് ചെയ്തപ്പോൾ പോലീസ് പൂർണ്ണ അന്വേഷണം നടത്തി പള്ളിയുടെ നിർമ്മാണാനുമതിയും ജമാഅത്തിന്റെ രജിസ്ട്രേഷൻ രേഖകളും പരിശോധിച്ചു, പ്രാദേശിക തലവനിൽ നിന്ന് വിവരമറിഞ്ഞു, പള്ളി സന്ദർശിച്ചു, അവസാനം അഹ്മദിയ്യാ ജമാഅത്ത് പുതിയ മതം സ്ഥാപിച്ചിട്ടില്ലെന്നും നബി(സ)യെ അപകീർത്തിപ്പെടുത്തുന്നില്ലെന്നും ഉള്ള നിഗമനത്തിൽ പോലീസ് എത്തി.

അല്ലാഹു തആല മാർഗദർശനം നൽകാൻ ആഗ്രഹിക്കുന്നവർക്ക് അത്ഭുതകരമായ രീതിയിൽ ഹിദായത്തിനുള്ള സംവിധാനം ഉണ്ടാക്കുന്നു.

ആഫ്രിക്കയിലെ സാവോ ടോം പ്രദേശത്തെ മുബല്ലിഗ് എഴുതുന്നു, മൊറോക്കോയിൽ നിന്ന് വന്ന സാവോ ടോമിലെ വിനോദസഞ്ചാരി ആകസ്മികമായി നമ്മുടെ പള്ളിയിൽ ജുമുഅ: നമസ്കരിച്ചു. അവിടെ അറബിയിൽ സിർറുൽ ഖിലാഫയും മതത്തിന്റെ പേരിൽ മനുഷ്യഹത്യയും വായിച്ചു. എം.ടി.എ. അൽഅറബിയയിലെ ചില പ്രോഗ്രാമുകൾ കണ്ടു. ആഗോള ബൈഅത്തിന്റെ റെക്കോർഡിംഗ് കണ്ടു. പിന്നെ കുറച്ച് കാലത്തിന് ശേഷം വീണ്ടും വന്ന് ബൈഅത്ത് ഫോം ചോദിച്ച് ഉടൻ തന്നെ പൂരിപ്പിച്ച് കൊടുത്തു. കുറച്ചു ദിവസം ആലോചിച്ച് ദുആ ചെയ്തിട്ട് ബൈഅത്ത് ചെയ്യൂ എന്ന് നമ്മുടെ മുബല്ലിഗ് പറഞ്ഞു. പക്ഷേ, ഞാൻ രാത്രി മുഴുവൻ പ്രാർത്ഥിച്ചിട്ടുണ്ടെന്നും ഇമാമിന് ബൈഅത്ത് ചെയ്യാതെ ഞാൻ മരിച്ചാൽ എന്റെ മരണം അജ്ഞതയുടെ മരണമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. അതിനാൽ അദ്ദേഹം ഉടനെ ബൈഅത്ത് ചെയ്തു.

മൊറോക്കോയിൽ അഹ്മദികളും ജമാഅത്തും ഉണ്ടെങ്കിലും അവിടെ നിന്ന് അദ്ദേഹത്തിന് ജമാഅത്തിനെ പരിചയപ്പെടാൻ കഴിഞ്ഞില്ല. അല്ലാഹു അദ്ദേഹത്തെ ആഫ്രിക്കയിലെ മറ്റൊരു വിദൂര പ്രദേശത്തേക്ക് അയച്ചു; അവിടെ പോയിട്ട് അവന്റെ ഹിദായത്തിനുള്ള സാമഗ്രികൾ ഉണ്ടാക്കി.

മധ്യാഫ്രിക്കയിലെ ഒരാൾ ജമാഅത്തിനെ കുറിച്ച് അന്വേഷിച്ച് (അറിഞ്ഞ്) ബൈഅത്ത് ഫോം പൂരിപ്പിക്കുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ജമാഅത്തിന്റെ എതിരാളികളിൽ നിന്ന് ഞാൻ ജമാഅത്തിനെക്കുറിച്ച് ധാരാളം കേട്ടിട്ടുണ്ട്. എന്നാൽ ഈ ബൈഅത്ത് ഫോമും അതിലെ പത്ത് വ്യവസ്ഥകളും വായിച്ച് കഴിഞ്ഞപ്പോൾ എനിക്ക് എന്റെ മുൻകാല ജീവിതത്തോട് തന്നെ വെറുപ്പ് തോന്നുന്നു. ഈ ബൈഅത്ത് ഫോം വായിച്ചപ്പോൾ, അഹ്മദിയ്യാ ജമാഅത്ത് തന്നെയാണ് ഒരു യഥാർത്ഥ ജമാഅത്ത് എന്ന് എനിക്ക് മനസ്സിലായി.

ഐവറികോസ്റ്റ്, ബെലീസ്, ഉസ്ബെക്കിസ്ഥാൻ, ഗയാന തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് അഹ്മദിയ്യത്ത് സ്വീകരിച്ചതിന്റെ വിശ്വാസവർധക സംഭവങ്ങൾ വിവരിച്ച ശേഷം ഹുസൂർ അൻവർ പറഞ്ഞു: ഹദ്റത് മസീഹ് മൗഊദ്(അ)നൊടൊപ്പം ദൈവീക വാഗ്ദാനങ്ങളുടെ പൂർത്തീകരണത്തിന്റെ ഈ കുറച്ച് സംഭവങ്ങളാണ് ഞാൻ വിവരിച്ചിട്ടുള്ളത്; ഇനിയും നിരവധി സംഭവങ്ങളുണ്ട്. എതിരാളികൾ പരമാവധി ശ്രമിക്കുന്നുണ്ടെങ്കിലും മറുവശത്ത്, ലോകത്തെ എല്ലാ രാജ്യങ്ങളിലും ജമാഅത്തിന്റെ വികസനത്തിന് അല്ലാഹു പുതിയ വഴികൾ തുറക്കുന്നു. അതിനാൽ, ഇക്കാര്യത്തിൽ നാം അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കുമ്പോൾ തന്നെ നമ്മുടെ അവസ്ഥകളെ വിലയിരുത്തുകയും വേണം. നമ്മുടെ വിശ്വാസം ശക്തിപ്പെടുത്താനും നാം ശ്രമിക്കണം.

പരീക്ഷണങ്ങൾ വരാം, എന്നാൽ അന്തിമ വിജയം സർവ്വശക്തനായ അല്ലാഹുവിനാൽ സ്ഥാപിതമായ ജമാഅത്തിനാണെന്ന് നമ്മുടെ തലമുറകളുടെ ഹൃദയങ്ങളിൽ സ്ഥാപിക്കപ്പെടണം, അതിനാൽ നിങ്ങളുടെ വിശ്വാസത്തിന് ഒരു കോട്ടവും വരുത്തരുത്. എല്ലാ നവാഗതരായ അഹ്മദികൾക്കും പഴയ അഹ്മദികൾക്കും അല്ലാഹു സ്ഥിരതയും ദൃഢവിശ്വാസത്തിൽ വർധനവും നൽകുമാറാകട്ടെ. ആമീൻ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ അൻവർ 4 മർഹൂമീങ്ങളെ അനുസ്മരിക്കുകയും ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയും ചെയ്തു.

ഒന്നാമത്തേത് സിയാൽ കോട്ടിലെ ഗുലാം ഖാദർ സാഹിബിന്റെ ഭാര്യ പർവീൺ അക്തർ സാഹിബ. അവർ തൊണ്ണൂറാമത്തെ വയസ്സിൽ വഫാത്തായി. ഇവരുടെ മകൻ ബനീനിൽ മുബല്ലിഗ് ആണ്. പ്രവർത്തനരംഗത്തായതിനാൽ ഉമ്മയുടെ ജനാസയിൽ പങ്കെടുക്കാൻ സാധിച്ചിരുന്നില്ല.

രണ്ടാമത്തേത് ഖട്ടിയാലിയയിലെ ചൗധരി വസീം അഹ്മദ് നാസിർ സാഹിബിന്റെ ഭാര്യ മുംതാസ് വസീം സാഹിബയുടേതാണ്. അവരുടെ

രണ്ട് ആൺമക്കൾ വഖ്ഫാണ്. ഒരു മകൻ സാംബിയയിൽ മുബല്ലിഗാണ്.

മൂന്നാമത്തേത് റാവൽപിണ്ടിയിലെ ജില്ലാ ജനറൽ സെക്രട്ടറിയായ ബ്രിഗേഡിയർ മുനവ്വർ അഹ്മദ് റാണാ സാഹിബ്.

നാലാമത്തേത് റാവൽപിണ്ടി മുൻ ജമാഅത്ത് അമീർ ആയിരുന്ന, ഗ്രൂപ്പ് ക്യാപ്റ്റൻ റിട്ടയർ ശുക്കൂർ മലിക് സാഹിബ്.

അല്ലാഹു പരേതരുടെമേൽ കരുണ ചെയ്യട്ടെ; അവർക്ക് പൊറുത്തു കൊടുക്കട്ടെ. ആമ്മീൻ.

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُوْمِنُ بِهِ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarak U.K. – on 19.05.2023

Malayalam Translation, Typing & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516